## പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2030 12/02/2013 - ൽ മറുപടിക്ക്

## അഡാക്, ഫിർമ ഏജൻസികൾ നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പിന് കീഴിൽ അഡാക്, ഫിർമ എന്നീ ഏജൻസികൾ ഇതുവരെ നടപ്പാക്കിയ പദ്ധതികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) (1) 13-ാം ധനകാര്യ കമ്മീഷൻ ധനസഹായപ്രകാരമുള്ള കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 19.70 കോടി രൂപയുടെ ഒരു പദ്ധതി 2011 വർഷം മുതൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി അഡാക്ക് മുഖേന നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ കാലാവധി 2014 വരെയാണ്.<br><br>പാടശേഖരങ്ങളിലെ മത്സ്യ/ആറ്റു കൊഞ്ച് കൃഷി, കൃത്രിമ വളപ്പുകളിലെ (ജലി) മത്സ്യകൃഷി, തനതു മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കരിമീൻ വിത്തുല്പാദന യൂണിറ്റുകളും, മത്സ്യ സംരക്ഷിത മേഖലയും എന്നീ ഘടകങ്ങൾ ഉൾപ്പെട്ടിട്ടുള്ള പദ്ധതിയിൽ പാടശേഖരങ്ങളിലെ മത്സ്യകൃഷി പദ്ധതിയ്ക്കായി 3 വർഷത്തേയ്ക്ക് 17.84 കോടി രൂപയും, കൃത്രിമ വളപ്പുകളിലെ മത്സ്യകൃഷിക്ക് (300 യൂണിറ്റ്) 54 ലക്ഷം |

രൂപയും, കരിമീൻ വിത്തുല്പാദന യൂണിറ്റുകൾ (100 എണ്ണം) മത്സ്യ സംരക്ഷിത മേഖലകൾ (5 എണ്ണം) എന്നിവയ്ക്കായി 32 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

പാടശേഖര മത്സ്യ/ആറ്റുകൊഞ്ച് കൃഷി

പാടശേഖര മത്സ്യ/ആറ്റുകൊഞ്ച് കൃഷി പദ്ധതിയിൽ ആകെ ലഭിച്ച 1062 അപേക്ഷകൾ പ്രകാരം 982 ഹെക്ടർ സ്ഥലത്ത് 42.04 ലക്ഷം മത്സ്യകുഞ്ഞുങ്ങളെയും 1.06 ലക്ഷം ആറ്റുകൊഞ്ച് വിത്തും നിക്ഷേപിച്ചിട്ടുണ്ട്. 340 പാടശേഖരങ്ങളിലെ 883 ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ ഇതുവരെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ചുറ്റുബണ്ട് നിർമ്മാണം, തൂമ്പ് നിർമ്മാണം, നഴ്സറി ബണ്ട് നിർമ്മാണം, മത്സ്യവിത്ത്, തീറ്റ, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി കർഷകർക്ക് സബ്സിഡി നൽകി വരുന്നു.

കൃത്രിമ വളപ്പുകളിലെ മത്സ്യകൃഷി

ഈ പദ്ധതിയ്ക്കായി ലഭിച്ച 92 അപേക്ഷകളിൽ നിന്ന് തെരഞ്ഞെടുത്ത 42 യൂണിറ്റുകളിൽ 50400 മത്സ്യ കുഞ്ഞുങ്ങളെ വളർത്തുന്നുണ്ട്.

**കരിമീൻ വിത്തുല്പാദന യൂണിറ്റ്**

ഈ പദ്ധതിയ്ക്കായി 229 അപേക്ഷകൾ ലഭിച്ചതിൽ ഈ വർഷം 30 യൂണിറ്റ് സ്ഥാപിക്കുകയും അവയ്ക്കുള്ള സബ്സിഡി നല്കിയിട്ടുമുണ്ട്. 30 ഗ്രൂപ്പുകളിലെ 150 ആളുകൾക്ക് ഇതു മൂലം പ്രയോജനം ലഭിക്കുന്നുണ്ട്. ഈ ഗ്രൂപ്പുകളിൽ നിന്ന് മറ്റു പദ്ധതികൾക്ക് ആവശ്യമായ കരിമീൻ കുഞ്ഞുങ്ങളെ നൽകി വരുന്നു.

**(2) കുട്ടനാടൻ കായലുകളിൽ കൂടുകളിലെ മത്സ്യകൃഷി.**

2012-14 വരെയുള്ള 2 വർഷ കാലാവധിയിൽ കരിമീൻ മത്സ്യങ്ങളെ കൂടുകളിൽ വളർത്തി വിളവെടുപ്പ് നടത്തുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ ധനസഹായപ്രകാരമുള്ള കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അംഗീകാരം നല്കിയിട്ടുള്ള 143 ലക്ഷം രൂപയുടെ പദ്ധതിയാണിത്. 1 യുണിറ്റിന് (20 കൂട്) 12.92 ലക്ഷം ചെലവു വരുന്നതായി കണക്കാക്കുന്നു. 20 കൂടുകൾ ഉൾപ്പെടുന്ന 12 യൂണിറ്റുകൾ സ്ഥാപിക്കുന്നതിലൂടെ 200-ൽ പരം കർഷകർക്ക് പ്രയോജനം ലഭിക്കും. 80% സബ്സിഡി നിരക്കിൽ കർഷകർക്ക് ധനസഹായം ലഭിക്കുന്നതാണ്. $m^3$ വലുപ്പം വരുന്ന കൂടുകളിൽ 1 കൂടിൽ 12300 എന്ന

നിരക്കിൽ കരിമീൻ, തിലാപ്പിയ തുടങ്ങിയ മത്സ്യങ്ങളെ തീറ്റ കൊടുത്ത് വളർത്തി വലുതാക്കി മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിൽ പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽ 3 യൂണിറ്റുകളും (60 കൂടുകൾ) കോട്ടയം ജില്ലയിൽ 1 യൂണിറ്റും (20 കൂട്) സ്ഥാപിച്ചു കഴിഞ്ഞു. മറ്റ് പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(3) ആയിരം തെങ്ങ് ഫാമിൽ കരിമീൻ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഫാമിനെ ഒരു കരിമീൻ വിത്തുല്പാദന കേന്ദ്രം ആയി ഉയർത്താനുമുള്ള പദ്ധതി

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രകൃത്യാലുള്ള കരിമീൻ ആവാസ കേന്ദ്രമായ ആയിരം തെങ്ങു ഫാമിനെ ഒരു കരിമീൻ വിത്തുല്പാദന കേന്ദ്രവും ഫാമും ആയി ഉയർത്താനുള്ള 16.60 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതിയും മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമെ, 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെ ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഫാമിന്റെ നവീകരണം, വിത്തുല്പാദന കേന്ദ്രം, മത്സ്യരോഗ നിർണ്ണയ ലാബ്, തീറ്റ ഉല്പാദന കേന്ദ്രം, ബോധവൽക്കരണ

കേന്ദ്രം മുതലായവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

ഈ പദ്ധതി പൂർത്തീകരിക്കുന്നതിലൂടെ കേരളത്തിന്റെ തനതു മത്സ്യമായ കരിമീൻ വിത്തുല്പാദനത്തിൽ സ്വയം പര്യാപ്തമാകുമെന്നും കർഷകർക്ക് വരും കാലങ്ങളിൽ ആവശ്യമായ കരിമീൻ വിത്ത് യഥേഷ്ടം ലഭ്യമാക്കുവാൻ കഴിയുമെന്നും പ്രതിക്ഷിക്കുന്നു.

കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ആണ് ഫാമിന്റെ അടിസ്ഥാന സൗകര്യ വികസനം നടത്തുന്നത്. വിത്തു മത്സ്യങ്ങൾ, മത്സ്യക്കുഞ്ഞുങ്ങൾ എന്നിവയുടെ ശേഖരണം, മത്സ്യകൃഷി തുടങ്ങിയ പ്രവർത്തികൾ പദ്ധതി പ്രകാരം അഡാക്ക് ആരംഭിച്ചിട്ടുണ്ട്. പദ്ധതിയിൽ ഈ വർഷം 6.60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മറ്റു പ്രവർത്തനങ്ങൾ തുടർന്നു വരുന്നു.

(4) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമ 'കുളവാഴ' നിർമ്മാർജ്ജനവും മൂല്യവർദ്ധിത ഉല്പാദനങ്ങളുടെ വികസനവും എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം 17 പഞ്ചായത്തുകളിൽ പൊതു ജലാശയങ്ങളിൽ നിന്നും കുളവാഴ നിർമ്മാർ

ജ്ജനം ചെയ്തു. കുളവാഴയിൽ നിന്നും ജൈവ വളം ഉല്പാദിപ്പിക്കുന്നതിന് സ്വയം സഹായ സംഘം അംഗങ്ങൾക്ക് പരിശീലനം നൽകുകയും 91 മണ്ണിര കംപോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. കുളവാഴയിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഒരു ബയോഗ്യാസ് പ്ലാന്റ് കോട്ടയം കോടിമത പച്ചക്കറി മാർക്കറ്റിൽ സ്ഥാപിച്ചു.

**(ബി) പ്രസ്തുത ഏജൻസികളുടെ കീഴിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഇനി നടപ്പിലാക്കുവാനുള്ളതും ഫണ്ട് അനുവദിക്കാനുള്ളതുമായ പ്രൊപ്പോസലുകൾ വിശദമാക്കുമോ ?**

(ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അഡാക്കിന് ഫണ്ട് അനുവദിക്കാനുള്ള പ്രൊപ്പോസലുകൾ ഒന്നും നിലവിൽ ഇല്ല.

13-ാം ധനകാര്യ കമ്മീഷൻ - കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം രണ്ട് മത്സ്യസങ്കേതങ്ങൾ (ഫിഷ് സാങ്ച്വറികൾ) കുട്ടനാട്ടിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഫിർമ കൈക്കൊണ്ട് വരുന്നു.

സെക്ഷൻ ഓഫീസർ